"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - കാസറഗോഡ് ജില്ലയിലെ കനകപ്പള്ളിത്തട്ടിൽ ഗവ. എൽ.പി.എസ്-ലെ പി.ടി.സി.എം ആയിരിക്കെ അന്തരിച്ച തമ്പാൻ നായർ എ-യുടെ മകൾ ശ്രീമതി. ദിവ്യ സി.കെ-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ കാസറഗോഡ് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(ആർ) വകുപ്പ്**

സ.ഉ.(കൈ) നം.89/2026/GEDN തീയതി,തിരുവനന്തപുരം, 30-04-2026

---

പരാമർശം:-
1. 24.05.1999 -ലെ സ.ഉ.(പി) നം.12/99/പി&എ.ആർ.ഡി
2. 14.03.2022 ലെ സ.ഉ. (കൈ) നം. 45/2022/പൊ.വി.വ
3. 29.03.2025-ലെ സ.ഉ.(അ) നം.4/2025/പി&എആർഡി
4. 09.02.2026, 25.03.2026 തീയതികളിൽ ശ്രീമതി. ദിവ്യ സി.കെ സമർപ്പിച്ച അപേക്ഷകൾ
5. 09.11.2025-ലെ സ.ഉ(അ) നം.15/2025/പി&എആർഡി

**<u>ഉത്തരവ്</u>**

കാസറഗോഡ് ജില്ലയിലെ കനകപ്പള്ളിത്തട്ടിൽ ഗവ. എൽ.പി.എസ്-ൽ പി.ടി.സി.എം ആയിരിക്കെ അന്തരിച്ച തമ്പാൻ നായർ എ-യുടെ മകൾ ശ്രീമതി. ദിവ്യ സി.കെ-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ കാസറഗോഡ് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതുവരേയും നിയമനം ലഭിക്കാത്തതിനാൽ ക്ലാർക്ക് (വിവിധം)/ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നല്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. ദിവ്യ സി.കെ പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. ദിവ്യ സി.കെ-യ്ക്ക് ആശ്രിത നിയമനം ലഭ്യമായിട്ടില്ലാത്തതിനാൽ പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 19, 25 എന്നിവ പ്രകാരം പരാമർശം (4) ലെ അപേക്ഷ പരിഗണിച്ച് ടിയാളെ ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളുടെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള വിവരങ്ങൾ പൊതുഭരണ (സർവീസസ്-ഡി) വകുപ്പിന് നല്കുന്നതിലേയ്ക്കായി ടിയാൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ കാസറഗോഡ് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ

ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടുള്ള പരാമർശം (2) ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസറഗോഡ്
ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.എസ്, കനകപ്പള്ളിത്തട്ടിൽ, കാസറഗോഡ്
ശ്രീമതി. ദിവ്യ സി.കെ, D/o തമ്പാൻ നായർ എ.,( L), ചുരിക്കാട്ട് വീട്, ബാനം, പരപ്പ, കാസറഗോഡ് - 671 533 (സ്പീഡ് പോസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
നോഡൽ ഓഫീസർ, കൈറ്റ് (webupdates@kite.kerala.gov.in)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sobha D
Date: 01-05-2026 19:57:58
സെക്ഷൻ ഓഫീസർ

*പകർപ്പ്: പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്*